**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 304** **08-08-2023 - ൽ മറുപടിയ്ക്ക്**

**വെട്ടിക്കുറച്ച ഭക്ഷ്യധാന്യങ്ങൾ പുനഃസ്ഥാപിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം. രാജഗോപാലൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ. ആൻസലൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ ; | (എ) | സംസ്ഥാനത്തെ പൊതുവിതരണരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ താലൂക്കിലും ഒരു ഗോഡൗൺ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇടുക്കി ജില്ലയിൽ പീരുമേട്, ഉടുമ്പൻചോല താലൂക്കുകളിലും എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിലും കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്കിലും, വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിലും, പത്തനംതിട്ട ജില്ലയിൽ കോന്നി, കോഴഞ്ചേരി താലൂക്കുകളിലും തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിലും കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട്, കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലും NFSA ഗോഡൗണുകൾ AIF (Agriculture Infrastructure Fund) വിനിയോഗിച്ചു കൊണ്ട് ഗോഡൗൺ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മറ്റ് താലൂക്കുകളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി അനുയോജ്യമായ ഭൂമി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ പൊതുവിതരണ ശൃഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുവാൻ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് **കെ-സ്റ്റോർ** എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ കട ഉടമകൾക്ക് ഒരു അധിക വരുമാന മാർഗമാണ് കെ-സ്റ്റോർ പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. മിൽമയുടെ |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുത്ത ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയ്ക്ക് പുറമേ ജനസേവന കേന്ദ്രങ്ങൾ മുഖേന നല്കുന്ന അടിസ്ഥാന സേവനങ്ങൾ നല്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. CSC വഴിയുള്ള യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, 10000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയാണ് കെ-സ്റ്റോറുകൾ വഴി നല്കി വരുന്നത്. ഇവയ്ക്ക് പുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങളും വിപണനം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവായ മലയോര/വിദൂര / ഒറ്റപ്പെട്ട /ആദിവാസി മേഖലകൾക്ക് പ്രാധാന്യം നല്കിക്കൊണ്ടാണ് നിലവിൽ കെ-സ്റ്റോർ പദ്ധതിയിലേക്കുള്ള റേഷൻ കടകൾ തിരഞ്ഞെടുക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 108 കടകൾ തിരഞ്ഞെടുക്കുകയും അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഓണത്തിന് മുൻപായി 200 കടകൾ കൂടി കെ-സ്റ്റോറുകൾ ആക്കുന്ന നടപടി തുടർന്നു വരുന്നു. ഈ സാമ്പത്തിക വർഷം 1000 കെ-സ്റ്റോറുകൾ ആരംഭിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.<br><br>ഒറ്റപ്പെട്ട ആദിവാസി ഊരുകളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ, ചൂഷണത്തിനു വിധേയമാകാതെ, അവരുടെ താമസസ്ഥലങ്ങളിൽ എത്തിച്ചു കൊടുക്കുന്നതിലേക്കായി **സഞ്ചരിക്കുന്ന റേഷൻ കട** പദ്ധതിയും, റേഷൻ കടയിൽ നേരിട്ടെത്തി സാധനങ്ങൾ കൈപ്പറ്റാൻ സാധിക്കാത്ത കിടപ്പു രോഗികൾ അടക്കമുള്ളവരുടെ കുടുംബങ്ങൾക്ക് റേഷൻ വീട്ടിലെത്തിച്ചു നൽകുന്ന **ഒപ്പം** പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന് കീഴിൽ വരാത്ത, തുറന്ന കമ്പോള വില്പന പദ്ധതിയിലൂടെ (ഒ.എം.എസ്.എസ്.) സംസ്ഥാനങ്ങൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് കുറയ്ക്കാനുള്ള കേന്ദ്രസർക്കാരിന്റെ നടപടി സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; | (ബി) | ഈ നടപടിയിലൂടെ MSP നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ സംഭരിച്ച് പൊതു വിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യാനുള്ള അവസരം സംസ്ഥാനങ്ങൾക്ക് നഷ്ടമായി. |
| (സി) | പ്രസ്തുത നടപടി മൂലം കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ ഭക്ഷ്യധാന്യ വിഹിതത്തിൽ എത്ര | (സി) | NFSA പ്രകാരമുള്ള ഭക്ഷ്യ ധാന്യ വിഹിതത്തിൽ ഇതുമൂലം കുറവ് ഉണ്ടാകുന്നില്ല. |

| | | | |
|---|---|---|---|
| | ടൺ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | | |
| (ഡി) | വെട്ടിക്കുറച്ച ഭക്ഷ്യധാന്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ഈ നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 29.07.2023ലെ ഭ.പൊ.വി.വ/ഡി2/44/2023 നമ്പർ അർദ്ധ ഔദ്യോഗിക കത്ത് നല്കുകയും കേന്ദ്ര ഭക്ഷ്യ വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് ചർച്ച നടത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ